അദ്ധ്യാപക നിയമനരീതി

69 (2978) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അദ്ധ്യാപക നിയമനരീതി പരിഷ്കരിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപക നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത നേടിയവർക്ക് ടെറ്റ് യോഗ്യതകൂടി ഉണ്ടായിരിക്കണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(സി) ഇതു വരെ എത്ര തവണകളായിട്ടാണ് ടെറ്റ് നടത്തിയിട്ടുള്ളത് ; ഇതിൽ ഓരോ വിഭാഗത്തിലുമായി ഓരോ വർഷവും എത്ര ശതമാനം പേർ വിജയിച്ചെന്നും അറിയിക്കുമോ ;

(ഡി) ടി.ടി.സി.യും ബി.എഡും പാസായവർക്ക് പി.എസ്.സി. പരീക്ഷ എഴുതുന്നതിന് ടെറ്റ് നിർബന്ധമാക്കിയത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) എയ്ഡഡ് അദ്ധ്യാപക നിയമനരീതി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മൂന്നുതവണയാണ് കെ. ടെറ്റ് പരീക്ഷ നടത്തിയിട്ടുള്ളത്. (2012,2013,2014). വിജയശതമാനം ചുവടെ ചേർക്കുന്നു :

category	2012	2013	2014
I	9.48%	2.11%	14.65%
II	4.19%	9.03%	16.98%
III	3.17%	8.07%	10.88%
IV	പരീക്ഷ ഇല്ലായിരുന്നു.	8.23%	19.27%

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കേന്ദ്ര സർക്കാരിന് കീഴിലുള്ള അക്കാദമിക അതോറിറ്റിയായ എൻ.സി.ടി.ഇ. അംഗീകരിച്ചിട്ടുള്ള യോഗ്യതകൾ നടപ്പിലാക്കേണ്ടതുള്ളതിനാലാണ് ടെറ്റ് നിർബന്ധിതമായത്.

അദ്ധ്യാപക ബാങ്ക്

70 (2979) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തസ്തിക നഷ്ടമായതിനെ തുടർന്ന് 2011-12 അദ്ധ്യയന വർഷം എത്ര അദ്ധ്യാപകരെയാണ് അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയത് ; സർക്കാർ, എയ്ഡഡ് സ്കൂൾ തിരിച്ചും എൽ.പി., യു.പി., ഹൈസ്കൂൾ, സ്പെഷ്യലിസ്റ്റ് തസ്തികകൾ തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2014-15 അദ്ധ്യയനവർഷം എത്ര അദ്ധ്യാപകരാണ് അദ്ധ്യാപക ബാങ്കിൽ അവശേഷിക്കുന്നത് ; സർക്കാർ, എയ്ഡഡ് സ്കൂൾ തിരിച്ചും, എൽ.പി., യു.പി. ഹൈസ്കൂൾ, സ്പെഷ്യലിസ്റ്റ് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) 2011-12 അദ്ധ്യയന വർഷം മുതൽ 2014-15 അദ്ധ്യയന വർഷം വരെ ഉണ്ടായ ഒഴിവുകളിൽ എത്ര അദ്ധ്യാപകരെ അനദ്ധ്യാപക ബാങ്കിൽ നിന്നും നിയമിച്ചു സർക്കാർ, എയ്ഡഡ് സ്കൂൾ തിരിച്ചും തസ്തികതിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) ഈ അദ്ധ്യയന വർഷം (2014-15) എത്ര അദ്ധ്യാപകരെ പി.എസ്.സി. മുഖാന്തരം നിയമിച്ചു ; തസ്തിക തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഇ) ഈ അദ്ധ്യയന വർഷം (2014-15) എത്ര അദ്ധ്യാപകരെ എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചു ; തസ്തിക തിരിച്ചുമുള്ള കണക്ക് നൽകുമോ ;

(എഫ്) 2013-14 അദ്ധ്യയന വർഷം എത്ര അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിച്ചു ; സർക്കാർ എയ്ഡഡ് സ്കൂളുകളിലെ തസ്തികതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly